**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32** **24-08-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭക പ്രോത്സാഹന നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മാനവ വിഭവശേഷിയുടെ ക്രിയാത്മക വിനിയോഗത്തിനും പരിസ്ഥിതിക്കും അനുയോജ്യമായ സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നാല് ശതമാനം പലിശ നിരക്കിൽ സംരംഭക വായ്പ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | 2022-23 സർക്കാർ സംരംഭകത്വ വർഷമായി ആചരിക്കുകയാണ്. ഈ വർഷം ഒരു ലക്ഷം സൂക്ഷ്മ/ ചെറുകിട/ ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുകയാണ് ലക്ഷ്യം. അതിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി. ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 5% വരെ ഇളവ് ധന സഹായമായി സർക്കാർ നൽകുന്നു. പദ്ധതിയുടെ മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം വരെ ബാങ്ക് ലോൺ ഉള്ള ഉല്പാദന, സേവന, വ്യാപാര മേഖലയിലെ സ്ഥാപനങ്ങൾക്ക് പദ്ധതി വഴി പലിശ ഇളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പക്കും പ്രവർത്തന മൂലധന വായ്പക്കും ആനുകൂല്യം ലഭിക്കും. ഇപ്രകാരം 5 വർഷം വരെ പലിശ ഇളവ് നൽകുന്നു. ലോൺ കാലാവധിയുടെ ആദ്യത്തെ അഞ്ചു വർഷമോ, ലോൺ തീർപ്പാക്കുന്ന കാലയളവ് വരെയോ (ഏതാണോ ആദ്യം) ആയിരിക്കും പലിശയിളവ് നൽകുന്നത്. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്ക് മാത്രമാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. |
| (ബി) | സംരംഭക പ്രോത്സാഹന നയത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ പ്രോത്സാഹന സ്ഥാപനങ്ങളുടെ പ്രവർത്തന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികൾക്ക് സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കിക്കൊണ്ട് എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻറെ ഭാഗമായി താലൂക്ക് |

വ്യവസായ ഓഫീസുകളിൽ പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സണെ നിയമിച്ച പ്രവർത്തനം നടന്നു വരുന്നു. ഇത് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് സംരംഭകർക്ക് നേരിട്ടുള്ള സഹായം നൽകുന്നതിനും, സംരംഭക വർഷവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ബിടെക്/ എം.ബി.എ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സംരംഭകർക്കുള്ള ഹെൽപ്ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ആഴ്ചയിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം സംരംഭകർക്ക് ലഭ്യമാകുന്നതാണ്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ സംശയ ദൂരീകരണത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംരംഭകവർഷത്തിന്റെ ഭാഗമായി, പ്രാദേശികമായി സംരംഭകരെ കണ്ടെത്തുന്നതിന് കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും, മെയ്-ജൂൺ മാസങ്ങളിൽ പൊതു ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുത്ത സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായപദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപ്പുസ്തകങ്ങൾ ജില്ലാ തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പൊതുബോധവൽക്കരണ പരിപാടിയുടെ തുടർച്ചയായി, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2022 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാകുന്ന രീതിയിൽ ലൈസൻസ്/ ലോൺ/ സബ്സിഡി മേളകൾ നടത്തി വരുന്നുണ്ട്. ഓരോ തദ്ദേശ സ്ഥാപന തലത്തിലും മാസത്തിൽ നിർദിഷ്ട എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കാൻ ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യം നിശ്ചയിച്ച നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | സംസ്ഥാനത്താകെയായി 22/08/2022 വരെ 49020സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | വ്യവസായങ്ങൾ ആരംഭിക്കുന്നതിനും തുടർന്നു കൊണ്ടുപോകുന്നതിനും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2021 -ലെ 137-ാം നമ്പർ ഓർഡിനൻസ് പ്രകാരം, 1999- ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം 5) ന്റെ ഭേദഗതി വഴി പരാതി പരിഹാര സംവിധാനം (Grievance Redressal System) നിലവിൽ വന്നിട്ടുണ്ട്. ഈ നിയമഭേദഗതിയിലൂടെ രൂപീകരിച്ചിട്ടുള്ള ജില്ലാ/ സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 5 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ പരാതിപരിഹാര കമ്മിറ്റിക്കും 5 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന പരാതി പരിഹാര കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ